**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 40** **27-01-2026 - ൽ മറുപടിയ്ക്ക്**

**നവകേരള സദസ്സിൽ ഉൾപ്പെടുത്തി അനുവദിക്കുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | നവകേരള സദസ്സിൽ ഉൾപ്പെടുത്തി അനുവദിക്കപ്പെടുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കപ്പെടുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | നവകേരള സദസ്സിൽ ഉൾപ്പെടുത്തി അംഗീകരിച്ച പദ്ധതികളുടെ മേൽനോട്ടത്തിനായി പദ്ധതി നിർവഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട് (PIE&M വകുപ്പ്). പ്രവർത്തനത്തിലെ പുരോഗതി വിലയിരുത്തുന്നതിനായി PIE&M വകുപ്പ് ഭരണവകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി യോഗങ്ങൾ നടത്താറുണ്ട്. ചീഫ് സെക്രട്ടറി വകുപ്പ് സെക്രട്ടറിമാരുമായി നടത്തുന്ന പ്രതിമാസ യോഗങ്ങളിൽ പദ്ധതികളുടെ പുരോഗതി വിലയിരുത്തി സമയബന്ധിതമായി പൂർത്തിയാക്കാനുള്ള നിർദേശങ്ങൾ നൽകാറുണ്ട്. |
| (ബി) | നെന്മാറ നിയോജക മണ്ഡലത്തിലെ ഇത്തരം പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; അവ എന്ന് പൂർത്തീകരിക്കാനാണ് നിർദ്ദേശം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ബി) | നവകേരള സദസ്സിൽ ഉൾപ്പെടുത്തി നെന്മാറ നിയോജക മണ്ഡലത്തിൽ 'നെന്മാറ ബോയ്സ് ഹയർ സെക്കൻഡറി സ്കൂൾ കെട്ടിടം ' ,'ആലമ്പള്ളം പാലം' എന്നീ പ്രവൃത്തികൾക്ക് അനുമതി നൽകിയിട്ടുണ്ട്.<br><br>നെന്മാറ ഗവ. ബോയ്സ് ഹയർ സെക്കൻഡറി സ്കൂളിൽ 300 ലക്ഷം രൂപ വിനിയോഗിച്ച് നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ച് വരുന്നു.<br><br>ആലമ്പള്ളം ബ്രിഡ്ജ് എന്ന പ്രവൃത്തിയുടെ സാങ്കേതികാനുമതി ലഭ്യമാക്കി ടെണ്ടർ നടപടികൾ പൂർത്തീകരിക്കുകയും കരാറുകാരന് സെലക്ഷൻ നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്. കരാറുകാരൻ എഗ്രിമെന്റ് വച്ച് പ്രവൃത്തി ഉടൻ ആരംഭിക്കുന്നതാണ്. പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ഒരു വർഷമാണ്. |

സെക്ഷൻ ഓഫീസർ